"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പഞ്ചായത്തിൽ പാലേരിയിൽ താമസിക്കുന്ന കെ.നൗഫൽ എന്ന ആളുടെ മകൻ മുഹമ്മദ് ഇവാന് ചികിത്സാ സഹായം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1770/2022/LSGD തീയതി,തിരുവനന്തപുരം, 23-07-2022

പരാമർശം:- 1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2022 ലെ കത്ത്

ഉത്തരവ്

പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പഞ്ചായത്തിൽ പാലേരിയിൽ താമസിക്കുന്ന കെ.നൗഫൽ എന്ന ആളുടെ മകൻ മുഹമ്മദ് ഇവാൻ സ്പൈനൽ മസ്കുലാർ ആട്രോപ്പി എന്ന അസാധാരണ രോഗം പിടിപെട്ട് ചികിത്സയിലാണ്. തുടർ ചികിത്സ ലഭ്യമാക്കാൻ 18 കോടി രൂപ ചിലവ് വരുമെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. ആവശ്യമായ മരുന്നുകൾ വിദേശത്തുനിന്നും എത്തിക്കണം. കാര്യമായ സ്വത്തോ, മറ്റ് സമ്പാദ്യമോ ഇല്ലാത്ത പാവപ്പെട്ട കുടുംബമാണിത് . നാട്ടുകാർ ചേർന്ന് ചികിത്സ കമ്മറ്റി രൂപീകരിച്ച് ഫണ്ട് സമാഹരിക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ മുഹമ്മദ് ഇവാന്റെ ചികിത്സാ ചിലവിലേയ്ക്ക് തനതുഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് ഉണ്ടാകണമെന്ന ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം കത്ത് പേരാമ്പ്ര എം.എൽ.എ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പഞ്ചായത്തിൽ പാലേരിയിൽ താമസിക്കുന്ന കെ.നൗഫൽ എന്ന ആളുടെ മകൻ മുഹമ്മദ് ഇവാന്റെ ചികിത്സാചെലവുകൾക്ക് കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ.ഉ.(സാധാ) നം.1770/2022/LSGD

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 23-07-2022 13:46:00

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.